"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-പാലക്കാട് തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത് ഓഫീസിലെ അസിസ്റ്റന്റ് സെക്രട്ടറിയായ ശ്രീ.പി.വി.ഷെബിയുടെ മണ്ണുത്തി സെന്റർ ഫോർ ഗുഡ് ഗവേണൻസിലെ ഫാം സൂപ്പർവൈസർ തസ്തികയിലെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഐബി)വകുപ്പ്**

സ.ഉ.(സാധാ) നം.593/2026/LSGD തീയതി,തിരുവനന്തപുരം, 05-03-2026

---

പരാമർശം:-
1. സ.ഉ(കൈ)നം.81/2018/തസ്വഭവ ,തീയതി. 08.06.2018
2. സർക്കുലർ നം.100/2022/ഫിൻ., തീയതി. 03.12.2022
3. സ.ഉ(കൈ)നം.65/2021/തസ്വഭവ, തീയതി. 24.02.2024
4. സ.ഉ(സാധാ)നം.645/2024/തസ്വഭവ, തീയതി. 16.03.2024
5. സ.ഉ(സാധാ)നം.2050/2024/തസ്വഭവ, തീയതി. 28.10.2024
6. സ.ഉ(സാധാ)നം.863/2025/തസ്വഭവ, തീയതി. 29.03.2025
7. പ്രിൻസിപ്പൽ ഡയറക്ടറുടെ 02.01.2026 തീയതിയിലെ LSGD/PD/39655/2025/DEB2 നമ്പർ കത്ത്.
8. കില ഡയറക്ടർ ജനറലിന്റെ 13.01.2026 തീയതിയിലെ 2022/5528/HQ നമ്പർ കത്ത്.

**ഉത്തരവ്**

വിളവൂർ ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലാർക്കായിരുന്ന ശ്രീ.പി.വി ഷെബിക്ക് കില സിഎച്ച്.ആർ.ഡിയിലെ ഹോസ്റ്റൽ,മാനേജർ തസ്തികയിലുള്ള അന്യത്രസേവനകാലാവധി പരാമർശം (4) പ്രകാരം 02.03.2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകിയിരുന്നു.

2) എന്നാൽ ഇതിനിടെ കില എച്ച്.ആർ പോളിസി നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ കിലയിലെ ജീവനക്കാർക്ക് പ്രൊമോഷൻ നൽകേണ്ടിവന്ന സാഹചര്യത്തിൽ, ടിയാന് അന്യത്ര സേവന കാലാവധി (01.03.2025) കഴിയുന്നതുവരെ മണ്ണുത്തി സെന്റർ ഫോർ ഗുഡ് ഗവേണൻസിലെ ഫാം സൂപ്പർവൈസർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ തുടരുന്നതിന് പരാമർശം (5) പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. തുടർന്ന് പരാമർശം(6) പ്രകാരം പ്രസ്തുത തസ്തികയിൽ ടിയാന്റെ അന്യത്ര സേവന കാലാവധി ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവായിരുന്നു.

3) നിലവിൽ പാലക്കാട് തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത് ഓഫീസിലെ

അസിസ്റ്റന്റ് സെക്രട്ടറിയായ ശ്രീ.പി.വി ഷെബിയുടെ അന്യത്ര സേവന കാലാവധി **01.03.2026**-ന് അവസാനിക്കുകയാണെന്നും ആയതിനാൽ മണ്ണുത്തി സെന്റർ ഫോർ ഗുഡ് ഗവേണൻസിലെ ഫാം സൂപ്പർവൈസർ തസ്തികയിലെ അന്യത്ര സേവന കാലാവധി ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ചു നൽകുന്നതിന് ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ടിയാന്റെ പ്രസ്തുത തസ്തികയിലെ അന്യത്ര സേവനകാലാവധി ഒരു വർഷത്തേയ്ക്ക കൂടി ദീർഘിപ്പിച്ചു നൽകണമെന്നും പരാമർശം(8) പ്രകാരം കില ഡയറക്ടർ ജനറൽ അഭ്യർത്ഥിച്ചിട്ടുണ്ട്. ടിയാന്റെ അന്യത്ര സേവനകാലാവധി **02.03.2026** മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിന് തടസ്സമില്ലെന്ന് പരാമർശം (7) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മണ്ണുത്തി സെന്റർ ഫോർ ഗുഡ് ഗവേണൻസിലെ ഫാം സൂപ്പർവൈസർതസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്ന പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിയായ ശ്രീ.പി.വി ഷെബിക്ക് മണ്ണുത്തി സെന്റർ ഫോർ ഗുഡ് ഗവേണൻസിലെ ഫാം സൂപ്പർവൈസർ തസ്തികയിലുള്ള അന്യത്ര സേവനകാലാവധി നിലവിലുള്ള അന്യത്രസേവന വ്യവസ്ഥകൾക്കും കെ.എസ്.ആർ ഭാഗം-1, ചട്ടം 140(സി) -യിലെ നിബന്ധനകൾക്കും വിധേയമായി **02.03.2026** മുതൽ ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ.പി.വി ഷെബി, അസിസ്റ്റന്റ് സെക്രട്ടറി, തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത്
(പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ ജനറൽ,കില,തൃശ്ശൂർ
ഡയറക്ടർ,കില സിഎച്ച്ആർഡി, കൊട്ടാരക്കര
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ),കേരള,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ്
ജനറൽ(ഇ&ആർഎസ്എ/ജി&എസ്എസ്എ)കേരള,തിരുവനന്തപുരം
ധനകാര്യ (ഡബ്ല്യൂ.സി.ഡി) വകുപ്പ് (അനൗദ്യോഗിക കുറിപ്പ് നം.3005758/WCD-3/268/2024-ധന തീയതി 01.03.2026)
ഐ&പിആർഡി(വെബ്&ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Geetha. T. S
സെക്ഷൻ ഓഫീസർ
Date: 05-03-2026 15:53:30